(ബി) സ്ഥലമേറ്റെടുക്കുന്നതിനെതിരെയുള്ള ജനങ്ങളുടെ എതിർപ്പുകാരണം നാഷണൽ ഹൈവേ 17-ഉം നാഷണൽ ഹൈവേ 47-ഉം 45 മീറ്റർ വീതിയിൽ 4 വരിയായി വികസിപ്പിക്കുന്നതിനാവശ്യമായ സ്ഥലം ഏറ്റെടുക്കാൻ സംസ്ഥാന സർക്കാരിന് കഴിഞ്ഞിട്ടില്ല. ഈ സാഹചര്യത്തിൽ കേരളത്തിലെ ഈ ഭാഗത്തെ ദേശീയപാതാ വികസനത്തിൽനിന്നും ദേശീയപാതാ അതോറിറ്റി പിൻവാങ്ങിയെങ്കിലും സംസ്ഥാന സർക്കാർ നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ ഈ തീരുമാനം കേന്ദ്ര സർക്കാർ പുനഃപരിശോധിക്കാൻ തയ്യാറായിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) സ്ഥലമെടുപ്പിലുണ്ടായ കാലതാമസം സംസ്ഥാന സർക്കാരിന്റെ അനാസ്ഥകൾ കൊണ്ടല്ല. മറിച്ച് പദ്ധതി ബാധിതരിൽനിന്നും ഉണ്ടാകുന്ന ശക്തമായ എതിർപ്പുകളാണ് സ്ഥലമെടുപ്പുമായി മുന്നോട്ട് പോകുവാൻ തടസ്സമാകുന്നത്. അലൈൻമെന്റ് സംബന്ധിച്ച തർക്കങ്ങൾ പരിഹരിച്ച ശേഷം സ്ഥലമെടുപ്പ് നടപടികൾ ഉടൻ പുനരാരംഭിക്കുന്നതാണ്.

പുജപ്പുര -മുടവൻമുകൾ റോഡ് നവീകരണം

269(3155) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നേമം നിയോജക മണ്ഡലത്തിലെ പൂജപ്പുര-മുടവൻമുകൾ റോഡിന്റെ നവീകരണ നിർമ്മാണ പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കുമെന്നും, ആയതിനായി അനുവദിച്ചിരിക്കുന്ന തുക എത്രയാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

നേമം നിയോജകമണ്ഡലത്തിലെ പൂജപ്പുര-മുടവൻമുകൾ റോഡിന്റെ നവീകരണ-നിർമ്മാണ പ്രവൃത്തിക്കായി 140 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ കഴിയുന്നതാണ്.

തൈച്ചേരി പാലം, ജീമംഗലം പാലം എന്നിവയുടെ നിർമ്മാണം

270(3156) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ തൈച്ചേരി പാലം, ജീമംഗലം പാലം എന്നിവയുടെ നിർമ്മാണത്തിന് സാമ്പത്തിക അനുമതി ലഭ്യമാകുന്നതിനുവേണ്ടി ധനകാര്യ വകുപ്പിൽനിന്നും ആവശ്യപ്പെട്ട റിപ്പോർട്ട് പൊതുമരാമത്ത് വകുപ്പ് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly